# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 90**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

2022 സെപ്റ്റംബർ 13, 14, 15 തീയതികളിൽ കൂടിയ മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡല തീരുമാനപ്രകാരം **മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിനെ** സഭയുടെ ഔദ്യോഗിക സ്ഥാപനയായി അംഗീകരിച്ചു. ഒരു സ്ഥാപന എന്ന നിലയിൽ ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിലെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഭരണ നിർവ്വഹണത്തിനുമായി ഒരു ഭരണഘടനയ്ക്കു രൂപം നൽകുകയും അത് സഭാ കൗൺസിലിന്റെ ആലോചനയോടുകൂടി ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിനു സമർപ്പിക്കുകയും ചെയ്തു 13.04.2023–ൽ കൂടിയ എപ്പിസ്കോപ്പൽ സിനഡ് മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ ഭരണഘടനയ്ക്ക് അംഗീകാരം നൽകുകയും ആയത് നടപ്പിൽ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്ത വിവരം ഏവരേയും ഇതിനാൽ അറിയിക്കുന്നു.

ഈ ഭരണഘടന 2023 മേയ് 13 മുതൽ നടപ്പിൽ വരുന്നതാണ്. ഇടവക വികാരി ശാഖാ പ്രസിഡന്റായിരിക്കും. ഒരു മാസത്തിനുള്ളിൽ ശാഖാ പ്രവർത്തനങ്ങളും രണ്ട് മാസത്തിനുള്ളിൽ സെന്റർ, ഭദ്രാസന പ്രവർത്തനങ്ങളും നടപ്പിൽ വരുത്തേണ്ടതാണ്. സെന്റർ, ഭദ്രാസന ചുമതലക്കാരെ ഔദ്യോഗികമായി തെരഞ്ഞെടുക്കുന്നത് വരെ അതാത് സെന്റർ, ഭദ്രാസന സെക്രട്ടറിമാർ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ സെന്റർ, ഭദ്രാസന ചുമതല കൂടി നിർവ്വഹിക്കുന്നതാണ്. കേന്ദ്ര ജനറൽ സെക്രട്ടറിയായി വികാരി ജനറാൾ വന്ദ്യദിവ്യശ്രീ. കെ. എം. മാമ്മൻ കശ്ശീശായെ നിയമിക്കുന്നു. അടുത്ത മൂന്ന് മാസത്തിനുള്ളിൽ മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ കേന്ദ്ര കമ്മിറ്റി നിലവിൽ വരേണ്ടതും ഔദ്യോഗികമായി ഒരു ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുക്കേണ്ടതുമാണ്. അന്നുവരെ വന്ദ്യദിവ്യശ്രീ. കെ. എം. മാമ്മൻ കശ്ശീശാ ചുമതലകൾ നിർവ്വഹിക്കുന്നതുമാണ്. നിലവിൽ വന്ന ഭരണഘടനക്ക് വിധേയമായി ശാഖകളിൽ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് രൂപീകരിക്കുകയും ഔദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പും കൈസ്ഥാന സമിതി അംഗം, സെന്റർ, ഭദ്രാസന കേന്ദ്ര പ്രതിനിധികളുടെ തെരഞ്ഞെടുപ്പും നടത്തേണ്ടതാണ്. കേന്ദ്ര പ്രതിനിധി സംഘാംഗങ്ങൾ കൂടി ഔദ്യോഗിക ഭാരവാഹികളെയും കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തുവെങ്കിൽ മാത്രമെ കേന്ദ്രതലത്തിൽ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനം സംജാതമാകുകയുള്ളു. അതിന് ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇനിയൊരു തീരുമാനം ഉണ്ടാകുന്നതു വരെ ആണ്ടുതോറുമുള്ള അംഗത്വഫീസ് 20 രൂപാ ആയിരിക്കുന്നതാണ്.

സഭയിലെ മുതിർന്ന പൗരന്മാരുടെ വ്യത്യസ്ത മേഖലകളിലെ അനുഭവ സമ്പത്തും കഴിവുകളും സംഭാവനകളും എന്നും ശ്ലാഘനീയമാണ്. ഇടവകയുടെ ആത്മീയ പുരോഗതിക്കും, സമൂഹത്തിന്റെ നന്മക്കും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് എന്ന സ്ഥാപനയുടെ പ്രവർത്തനം മുതൽ കൂട്ടായിതീരുന്നതിന് ഇടയാകട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 മെയ് 13–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 90**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The **Mar Thoma Senior Citizens Fellowship** has been recognized as an official organisation of the Church, as per the decision taken by the Prathinidhi Mandalam of the Malankara Mar Thoma Syrian Church that met on 13, 14, and 15 September 2022. As an organisation, a Constitution has been formed for efficient administration and coordination of activities at the Parish, Centre, Diocese, and Kendram levels. This Constitution was submitted to the Hon. Episcopal Synod after deliberations of the Sabha Council. Thus, it is hereby informed to all that the Episcopal Synod that met on 13 April 2023 has given approval to the Constitution of the Mar Thoma Senior Citizens Fellowship and has decided to bring it into force.

This Constitution comes into force from 13 May 2023. The President of the Sakha (Parish) unit shall be the Parish Vicar. The Sakha (Parish) activities should begin within one month and the Centre and Diocese activities shall begin within two months. Until the Centre and Diocesan office bearers are officially elected, the responsibility of each Centre and Diocesan Senior Citizens Fellowship will rest with the respective Secretaries. Vicar General Very Rev. K. M. Mammen is appointed to be the General Secretary at the Kendram. Within the next three months, a Kendram Committee must be formed and a General Secretary must be officially elected. Till then, Very Rev. K. M. Mammen will fulfil the responsibilities. The Senior Citizens Fellowship units must be formed at the Sakha (Parish); and the elections of the office bearers, the representative to the Kaisthana Samithi (Executive Committee), and representatives to the Centre, Diocese, and Kendram must be conducted according to the Constitution that is now in force. The activities of the Senior Citizens Fellowship at the Kendram will commence only when all the Kendram representatives elect the Office bearers and the Committee members. The prayerful participation of all is exhorted to achieve this. The yearly membership fee per head will be Rs. 20.00 till another decision is taken in this regard.

The experience of the senior citizens of our Church in various fields, their abilities and contributions are always praiseworthy. May the activities of the Senior Citizens Fellowship become an asset to the spiritual progress of the church, the well-being of society, and the extension of the Kingdom of God.

Grace be with you all.

Dated 13 May 2023, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**